ഉത്തരം

(എ) ഉണ്ട്.

(ബി) 1. അറുപത് വയസ്സു കഴിഞ്ഞ എല്ലാ മുൻ പഞ്ചായത്ത് പ്രധിനിധികൾക്കും മറ്റുള്ള ജനപ്രതിനിധികൾക്കുള്ളതുപോലെ ആവശ്യമായ പെൻഷൻ നൽകി സഹായിക്കുക.

2. എല്ലാ സീനിയർ എക്സ് പഞ്ചായത്ത് മെമ്പർമാർക്കും അത്യാവശ്യം യാത്രാ സൗജന്യം അനുവദിക്കുക.

3. അറുപത് വയസ്സു കഴിഞ്ഞ എല്ലാ സീനിയർ എക്സ് പഞ്ചായത്ത് മെമ്പർമാർക്കും ആവശ്യമായ ചികിത്സാസൗജന്യം എല്ലാ ആശുപത്രികളിലും അനുവദിക്കുക.

(സി) പരിശോധിച്ചുവരുന്നു.

എക്സ് സർവ്വീസുകാരുടെ ക്ഷേമപ്രവർത്തനങ്ങൾ

72 [3769] *ശ്രീ. എ. സി. ഷൺമുഖദാസ്*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൈനിക സേവനം നടത്തി പെൻഷൻ പറ്റുന്ന എത്ര എക്സ് സർവ്വീസുകാർ സംസ്ഥാനത്ത് ഉണ്ട് എന്ന് വെളിപ്പെടുത്താമോ;

(ബി) കോഴിക്കോട് ജില്ലയിലെ എലത്തൂർ, നന്മണ്ട, തലക്കുളത്തൂർ, ഉള്ളിയേരി, അത്തോളി, ബാലുശ്ശേരി, പനങ്ങാട് എന്നീ പഞ്ചായത്തുകളിൽ ഓരോന്നിലും എത്ര എക്സ് സർവ്വീസുകാർ വീതം ഉണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) എക്സ് സർവ്വീസുകാരുടെ ക്ഷേമപ്രവർത്തനങ്ങൾക്ക് സൈനിക് വെൽഫെയർ സെന്ററുകൾ നിർവ്വഹിച്ചു വരുന്ന പ്രവർത്തികളുടെ ഒരു സംക്ഷിപ്ത വിവരം ലഭ്യമാക്കാമോ?

ഉത്തരം

(എ) 31-12-2004-ലെ കണക്കുപ്രകാരം 1,45,140 വിമുക്ത ഭടൻമാർ സൈനിക ക്ഷേമ വകുപ്പിൽ പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവരുടെ പെൻഷൻ സംബന്ധിച്ച ഇടപാടുകൾ ഡി.പി.ഡി.ഒ., പി.സി.ഡി.എ. (പി) അലഹബാദ്, ദേശസാൽകൃത

LIBRARY ARCHIVES Kerala Legislative Assembly

ബാങ്കുകൾ എന്നിവ മുഖാന്തിരമായതിനാൽ പെൻഷൻ പറ്റുന്ന വിമുക്ത ഭടൻമാരുടെ പൂർണ്ണ വിവരം ഇവിടെ ലഭ്യമല്ല.

(ബി) 2004 ആഗസ്റ്റ് വരെയുള്ള കണക്കനുസരിച്ച് കോഴിക്കോട് ജില്ലയിലെ എലത്തൂർ, നന്മണ്ട, തലക്കുളത്തൂർ, ഉള്ളിയേരി, അത്തോളി, ബാലുശ്ശേരി, പനങ്ങാട് എന്നീ പഞ്ചായത്തുകളിലെ വിമുക്ത ഭടൻമാരുടെ എണ്ണം ചുവടെ ചേർക്കുന്നു.

എലത്തൂർ	..	257
നന്മണ്ട	..	623
തലക്കുളത്തൂർ	..	262
ഉള്ളിയേരി	..	388
അത്തോളി	..	422
ബാലുശ്ശേരി	..	748
പനങ്ങാട്	..	403

(സി) താഴെപ്പറയുന്ന ഉദ്ദേശ ലക്ഷ്യങ്ങളുമായാണ് സംസ്ഥാനത്തെ ജില്ലകളിൽ സൈനിക് വെൽഫെയർ സെന്ററുകൾ പ്രവർത്തിച്ചുവരുന്നത്.

(i) വിമുക്തഭടൻമാർക്ക് പരസ്പരം കൂടിക്കാഴ്ച നടത്താൻ സൗകര്യമൊരുക്കുക.

(ii) വിമുക്തഭടൻമാർക്കുള്ള തൊഴിലധിഷ്ഠിത പരിശീലന പരിപാടികൾക്ക് വേദിയാക്കുക.

(iii) സൈനികക്ഷേമ വകുപ്പ്, വിമുക്തഭടൻമാർക്കായി സംഘടിപ്പിക്കുന്ന സ്വയം തൊഴിൽ സംരംഭങ്ങൾക്ക് കേന്ദ്രമാക്കുക.

(iv) സൈനിക കാന്റീനുകൾക്കും അനുബന്ധ സ്ഥാപനങ്ങൾക്കും വേണ്ടി പ്രയോജനകരമാംവിധമുള്ള ഒരിടമാക്കുക.

(v) സംസ്ഥാനത്തെ, പ്രത്യേകിച്ച് മറ്റ് ജില്ലകളിലെ വിമുക്തഭടൻമാർക്കും അവരുടെ കുടുംബാംഗങ്ങൾക്കും താമസിക്കുവാനുള്ള സൗകര്യമൊരുക്കുക.

(vi) റിക്രൂട്ട്മെന്റ് റാലികൾക്കും സൈനിക സമ്മേളനങ്ങൾക്കും വേദിയൊരുക്കുക.

LIBRARY ARCHIVES Kerala Legislative Assembly

(vii) പ്രത്യേക സാഹചര്യങ്ങളിൽ പൊതുമരാമത്ത് വകുപ്പ് നിർദ്ദേശിക്കുന്ന വാടക സ്വീകരിച്ചുകൊണ്ട് ജില്ലാ സൈനിക ക്ഷേമ ഓഫീസുകൾക്ക് പ്രവർത്തന ത്തിനാവശ്യമായ ഇടം നൽകുക.

(viii) ലഭ്യതയ്ക്കനുസരിച്ച് മറ്റ് സംസ്ഥാനങ്ങളിലെയും വിമുക്തഭടൻമാർക്ക് ആവശ്യാനുസരണം താമസ സൗകര്യമൊരുക്കുക.

സ്വാതന്ത്ര്യ സമര സേനാനികൾക്ക് ഫെസ്റ്റിവൽ അലവൻസ്

73 [3770] *ശ്രീ. മാങ്കോട് രാധാകൃഷ്ണൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാതന്ത്ര്യ സമര സേനാനികൾക്ക് കേന്ദ്ര സർക്കാർ എത്ര ശതമാനം ഡി. എ. യാണ് ഇപ്പോൾ നൽകിവരുന്നത്; സംസ്ഥാനത്ത് ഇപ്പോൾ എത്ര ശതമാനം ഡി. എ. നൽകുന്നു;

(ബി) കുടിശ്ശികയായ ഡി.എ. അടിയന്തിരമായി അനുവദിക്കണമെന്ന സ്വാതന്ത്ര്യ സമരസേനാനികളുടെ അപേക്ഷയിൻമേൽ സർക്കാർ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;

(സി) സ്വാതന്ത്ര്യ സമര സേനാനികൾക്ക് ഫെസ്റ്റിവൽ അലവൻസ് നൽകണമെന്ന നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്ത് തീരുമാനമെടുത്തു വെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 44% ഡി. എ. യാണ് കേന്ദ്ര സർക്കാർ ഇപ്പോൾ നൽകി വരുന്നത്. സംസ്ഥാനത്ത് ഇപ്പോൾ 20% ഡി.എ. നൽകിവരുന്നു.

(ബി) അപേക്ഷ സർക്കാർതലത്തിൽ പരിശോധിച്ചുവരുന്നു.

(സി) നിവേദനം ലഭിച്ചിട്ടുണ്ട്. ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

ഖാദി-ഹിന്ദി പ്രചാരകർക്ക് സ്വാതന്ത്ര്യ സമര പെൻഷൻ

74 [3771] *ശ്രീ. കെ. പി. രാജേന്ദ്രൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly